**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗികൾക്കും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്കും സാമൂഹ്യ നീതി വകുപ്പ് വഴി ഏതെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന സമാശ്വാസം പദ്ധതിയിലൂടെ വൃക്ക രോഗബാധിതരായി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 1100/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നുണ്ട്. കൂടാതെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രസ്തുത തീയതി മുതൽ 5 വർഷം വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. ക്യാൻസർ സുരക്ഷാ പദ്ധതി മുഖേന 18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളി-ലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്. കൂടാതെ "വീ കെയർ" പദ്ധതിയിലൂടെ ക്യാൻസർ, വൃക്കരോഗം ഉൾപ്പെടെയുള്ള ഗുരുതര രോഗം ബാധിച്ചവർക്ക് ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സാമൂഹ്യ, സാമ്പത്തിക സ്ഥിതി വിലയിരുത്തിയും അർഹത പരിശോധിച്ച് ചികിത്സ ധനസഹായം നൽകിവരുന്നുണ്ട്. "വീകെയർ" പദ്ധതിയുടെ payment gateway യിലൂടെ സമാഹരിക്കുന്ന തുക ഈ പദ്ധതിയുടെ ചെലവിനായി വിനിയോഗിക്കുന്നു. |
| (ബി) | ഇത്തരം ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് പുതിയ ഏതെങ്കിലും പദ്ധതി വഴി സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | അപൂർവ്വരോഗങ്ങൾ ബാധിക്കുന്ന കുട്ടികളുടെ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വി-കെയർ അക്കൗണ്ടിൽ നിന്നും 50 ലക്ഷം രൂപ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് KSSM ഡയറക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ